## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2143

17.02.2016 ൽ മറുപടിയ്ക്ക്

## നിക്ഷേപ സമാഹരണ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് നിക്ഷേപസമാഹരണ യജ്ഞം നടത്തിയിട്ടുണ്ടോ; | (എ) ഈ സർക്കാരിന്റെ കാലത്ത് 2011 നവംബർ, 2012 ഡിസംബർ, 2013 ഡിസംബർ, 2014 ഡിസംബർ എന്നീ മാസങ്ങളിലായി 4 നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 5-ാമത് നിക്ഷേപ സമാഹരണ യജ്ഞം 2016 ജനവരി 1 മുതൽ ഫെബ്രുവരി 15 വരെ സംഘടിപ്പിച്ചു വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് സംഘടിപ്പിച്ച നാല് നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ ആകെ 18,500/- കോടി രൂപ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ആകെ 22,525.67 കോടി രൂപ ഈ യജ്ഞങ്ങളിലൂടെ സമാഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |

| നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ച മാസവും വർഷവും | ലക്ഷ്യം (തുക കോടിയിൽ) | നേട്ടം (തുക കോടിയിൽ) |
|---|---|---|
| നവംബർ, 2011 | 3000 | 4,425.09 |
| ഡിസംബർ, 2012 | 4500 | 5,194.36 |

| | | |
|---|---|---|
| ഡിസംബർ, 2013 | 5000 | 6,674.00 |
| ഡിസംബർ, 2014 | 6000 | 6,232.22 |
| **ആകെ** | **18,500** | **22,525.67** |

2016 ജനവരി 1 മുതൽ ഫെബ്രുവരി 15 സംഘടിപ്പിച്ചു വരുന്ന നിക്ഷേപ സമാഹരണ യജ്ഞത്തിൽ 6,000 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(സി) ഓരോ നിക്ഷേപ സമാഹരണ യജ്ഞങ്ങളിലും വിശദമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിച്ചു. ജനപ്രതിനിധികളെയും, ഉദ്യോഗസ്ഥരെയും സഹകാരികളെയും പങ്കെടുപ്പിച്ച് കാമ്പയിൽ സംഘടിപ്പിച്ചു. ഓരോ ജില്ലയ്ക്കും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് നൽകുകയും ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന ജില്ലയ്ക്കും വിവിധ വിഭാഗങ്ങളിൽപ്പെട്ട സംഘങ്ങൾ/ബാങ്കുകൾക്ക് ട്രോഫികൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു. കാമ്പയിന്റെ നടത്തിപ്പിനായി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ച് ചുമതല നൽകിയും ഉത്തരവായിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ബൈലാ വ്യവസ്ഥയ്ക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ എന്നീ സഹകരണ സ്ഥാപനങ്ങളെ നിക്ഷേപ സഹകരണ യജ്ഞങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ